മംഗളം

11 April 2017

# മീനുകളിൽ രാസപദാർത്ഥങ്ങൾ ഉപയോഗിക്കുന്നത് തടയും: ഭക്ഷ്യ സുരക്ഷാ കമ്മിഷണർ

കൊച്ചി: മീനുകളിൽ ആരോഗ്യത്തിന് ഹാനികരമായ രാസപദാർത്ഥങ്ങൾ ഉപയോഗിക്കുന്നത് തടയുമെന്ന് സംസ്ഥാന ഭക്ഷ്യസുരക്ഷാ കമ്മിഷണർ ഡോ. നവജോത് ഖോസ. ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട് സെന്റ് തെരേസാസ് കോളജിൽ നടന്ന ഏകദിന സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

സി.എം.എഫ്.ആർ.ഐയിൽ സ്ഥിതി ചെയ്യുന്ന നാഷണൽ അക്കാദമി ഓഫ് അഗ്രികൾച്ചറൽ സയൻസും (നാസ്) സെന്റ് തെരേസാസ് കോളജിലെ ഫുഡ് പ്രോസസിംഗ് ടെക്നോളജി വൊക്കേഷണൽ സ്റ്റഡീസ് വകുപ്പും സംയുക്തമായാണ് സെമിനാർ സംഘടിപ്പിച്ചത്.

സി.എം.എഫ്.ആർ.ഐ ഡയറക്ടർ ഡോ എ. ഗോപാലകൃഷ്ണൻ അധ്യക്ഷനായിരുന്നു. ഗുണനിലവാരം ഉറപ്പുവരുത്തി ഭക്ഷ്യവസ്തുക്കൾ ഉപയോഗിക്കാൻ പൊതുജനങ്ങളെ ബോധവൽക്കരിക്കണമെന്ന് അദ്ദേഹം പറഞ്ഞു. ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരത്തെക്കുറിച്ച് പലരും അജ്ഞരാണെന്ന് അദ്ദേഹം പറഞ്ഞു.

ഡോ. ശ്രീനിവാസ ഗോപാൽ, ഡോ. സുധീർ കെ.പി, ഡോ ജോർജ് ടി. ഉമ്മൻ, ഡോ. എസ്. നസീമ ബീവി, ഡോ. അശോക് കുമാർ, ഡോ. പി.ഐ. ഗീവർഗീസ്, ഡോ ജെസ്റ്റോ ജോർജ്, സെന്റ് തെരേസാസ് കോളജ് പ്രിൻസിപ്പൽ ഡോ സജിമോൾ അഗസ്റ്റിൻ, ഡോ. സിസ്റ്റർ വിനിത എന്നിവർ സംസാരിച്ചു.